**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4426** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം, വയനാട് ജില്ലകളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ ഉയർന്നതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലും, വയനാട് ജില്ലയിലും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് ഉണ്ടാകാറുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന വയനാട് ജില്ലയിൽ കൊഴിഞ്ഞുപോക്കിന്റെ ശരാശരി കണക്ക് മറ്റ് ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് ഈ വിഷയം അതീവ ഗൗരവത്തോടു കൂടി കാണുകയും, പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോട് കൂടി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നതിന്റെ ഫലമായി കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറച്ച് കൊണ്ട് വരാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഉയർന്ന് നിൽക്കുന്നതിന് കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കുടുംബപ്രശ്നങ്ങൾ, രക്ഷകർത്താക്കളുടെ താല്പര്യമില്ലായ്മ, സങ്കേതങ്ങളിലെ പ്രത്യേക സാമൂഹികാന്തരീക്ഷം, വനത്തിലോ, വനത്തിന് സമീപത്തോ സ്ഥിതി ചെയ്യുന്ന സങ്കേതങ്ങൾ, കാർഷിക വിളവെടുപ്പ് സമയങ്ങളിൽ രക്ഷകർത്താക്കളോടൊന്നിച്ച് യാത്ര ചെയ്യുന്നത്, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും, സാമൂഹ്യപരവുമായ ഒറ്റപ്പെടലുകൾ, വിനിമയ ഭാഷയിൽ പഠന മാധ്യമമായ മലയാള ഭാഷയിലേക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളും കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ അടിയന്തര ശ്രദ്ധ പതിപ്പിച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. സാമൂഹ്യ പഠനമുറി<br>2. മെന്റർ ടീച്ചർമാരുടെ സഹായം |

| | | | |
|---|---|---|---|
| | | | 3. കുട്ടികളെ സ്കൂളുകളിലേക്കും തിരികെയും എത്തിക്കുന്നതിനുള്ള വാഹന സൗകര്യം<br>4. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>5. സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ<br>6. 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ്<br>7. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം |

സെക്ഷൻ ഓഫീസർ